"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ജീവനക്കാര്യം - എറണാകുളം ജില്ലാപഞ്ചായത്തിൽ ഒരു നൈറ്റ് വാച്ച്മാനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനു അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.2798/2022/LSGD തീയതി,തിരുവനന്തപുരം, 14-11-2022

പരാമർശം:- 1. 23.09.2019 ലെ എറണാകുളം ജില്ലാ പഞ്ചായത്ത് സാധാരണ സമിതിയുടെ 19-ാം നമ്പർ തീരുമാനം

2. എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ 25.10.2019, 21.06.2021 എന്നീ തീയതിയിലെ ഡിപി2-3168/2019 നമ്പർ കത്ത് .

**ഉത്തരവ്**

എറണാകുളം ജില്ലാ പഞ്ചായത്ത് സ്ഥിതി ചെയ്യുന്ന പ്രദേശം നിലവിൽ രാത്രികാലങ്ങളിൽ വിജനമായതിനാൽ സാമൂഹ്യവിരുദ്ധരുടെ ശല്യം ഈ പ്രദേശങ്ങളിൽ കൂടുതലാണെന്നും ജില്ലാപഞ്ചായത്ത് ഓഫീസ് കെട്ടിട സമുച്ചയത്തിൽ എൽ.എസ്.ജി.ഡി. എഞ്ചിനിയറിംങ് ഓഫീസ് , പ്രിയദർശിനി ഹാൾ, കാന്റീൻ മുതലായ കെട്ടിടങ്ങളും ഉൾപ്പെടുന്ന സ്ഥാവരജംഗമ വസ്തുക്കളുടെ കാവലിനായി രാത്രികാലങ്ങളിൽ നൈറ്റ് വാച്ച്മാനെ നിയമിക്കുന്നത് അത്യന്താപേക്ഷിതമാണെന്ന് 23.09.2019 ലെ ജില്ലാപഞ്ചായത്ത് ജനറൽ കമ്മിറ്റി 19-ാം നമ്പർ തീരുമാനം എടുത്തിട്ടുള്ളതായും ടി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ എറണാകുളം ജില്ലാപഞ്ചായത്തിൽ നൈറ്റ് വാച്ച്മാനെ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കുന്നതിനുള്ള അനുമതി നൽകണമെന്ന് എറണാകുളം ജില്ലാ പഞ്ചായത്ത് സെക്രട്ടറി സൂചന (1) കത്ത് പ്രകാരം സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എറണാകുളം ജില്ലാപഞ്ചായത്തിൽ നൈറ്റ് വാച്ച്മാന്റെ സേവനം അത്യന്താപേക്ഷിതമായതിനാൽ ധനകാര്യ വകുപ്പിന്റെ 26.02.2016 സ.ഉ.(പി) നം.28/2016/ധന, 28/04/2017 ലെ സ.ഉ.(പി) നം.56/2017/ധന, 21.07.2018 ലെ സ.ഉ.(പി) നം.112/2018/ധന, 09.07.2019 ലെ സ.ഉ.(പി) നം.81/2019/ധന, 11.02.2021 ലെ സ.ഉ.(പി) നം.29/2021/ധന എന്നീ ഉത്തരവുകളിലെ നിബന്ധനകൾക്ക് വിധേയമായി പുനർവിന്യാസം വഴി നിയമനം നടക്കുന്നത് വരെ ദിവസ വേതന അടിസ്ഥാനത്തിൽ ഒരു നൈറ്റ് വാച്ച്മാനെ എംപ്ളോയ്മെന്റ് എക്സ്ചേഞ്ച് വഴി (179 days at a stretch) നിയമിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി